കെട്ടിടനിർമ്മാണം, എച്ച്.ടി.ലൈൻ കണക്ഷൻ, ജീവനക്കാരുടെ താമസസൗകര്യം, ഡി.ഇ.ഐ.സി, ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ, വൈത്തിരി താലൂക്കാശുപത്രി-വാർഡ് നവീകരണം, ജീവനക്കാരുടെ താമസസൗകര്യം നബാർഡ് - കാപ്പുകുന്ന്, ചെതലയം, ബേഗൂർ എന്നീ പി.എച്ച്.സി.കളുടെ കെട്ടിടനിർമ്മാണം.

വയനാട് ജില്ലയിലെ ആശുപത്രി ജീവനക്കാരുടെ കുറവ്

34 (2308) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ വേണ്ടത്ര ഡോക്ടർമാർ ഇല്ലാത്തതുമൂലം രോഗികൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധിൽപെട്ടിട്ടുണ്ടോ;

(ബി) നിലവിൽ വയനാട് ജില്ലയിൽ പി.എച്ച്.സി മുതൽ ജില്ലാ ആശുപത്രി വരെ ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും കുറവ് എത്രയാണെന്നും എത്ര സ്റ്റാഫുകളാണ് വേണ്ടിയിരുന്നതെന്നും പി.എച്ച്.സി., സി.എച്ച് .സി., ജനറൽ ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ എന്നീ ക്രമത്തിൽ സ്പെഷ്യലിസ്റ്റ് കേഡർമാർ ഉൾപ്പെടെ തരം തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ ഡോക്ടർമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ അടിയന്തരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ ഡോക്ടർമാരുടെ തസ്തികകളിൽ 47 ഒഴിവുകളാണ് നിലവിലുള്ളത്. എന്നാൽ രോഗികൾക്ക് ഇതുമൂലം ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ അഡ്ഹോക് വ്യവസ്ഥയിൽ 21 ഡോക്ടർമാരെയും ദേശീയ ആരോഗ്യ ദൗത്യം മുഖേന 31 ഡോക്ടർമാരെയും നിയമിച്ച് അവശ്യസേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ വിവിധ ആശുപത്രികളിലായി അനുവദിക്കപ്പെട്ട തസ്തികകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ വിശദാംശങ്ങൾ അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു*. ജില്ലയിലെ വിവിധ ആശുപത്രികളിൽ അനുവദിക്കപ്പെട്ട പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെ തസ്തികകളും അതിൽ നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച പട്ടിക അനുബന്ധം-ബി* ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡോക്ടർമാരുടെ കുറവുമൂലം രോഗികൾക്കുണ്ടാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ അഡ്ഹോക് വ്യവസ്ഥയിൽ 21 ഡോക്ടർമാരെയും ദേശീയ ആരോഗ്യ ദൗത്യം മുഖേന 31 ഡോക്ടർമാരെയും ഉൾപ്പെടെ ആകെ 52 ഡോക്ടർമാരെ നിയമിച്ച് അവശ്യസേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഒഴിവുള്ള അസിസ്റ്റന്റ് സർജൻ തസ്തികകളിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. ഒഴിവുള്ള കൺസൾട്ടന്റ്/സിവിൽ സർജൻ തസ്തികകൾ നികത്തുന്നതിനായി ഡി.പി.സി. യോഗം കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഡി.പി.സി.-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം മുഖേന കൺസൾട്ടന്റ്/സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ളവരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് തസ്തികകളും നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പാരാമെഡിക്കൽ വിഭാഗത്തിൽ ഒഴിവുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടവയായ ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് ഗ്രേഡ്-I, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ എന്നിവയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്റ്റാഫ് നഴ്സ്/ഫാർമസിസ്റ്റ് തസ്തികയിലെ സ്ഥാനക്കയറ്റം/ സീനിയോറിറ്റി സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത കേസുകളിലെ അന്തിമ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നടത്തി സ്റ്റാഫ് നഴ്സ്ഗ്രേഡ്-I/ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്. പി.എസ്.സി. നിയമനം മുഖാന്തരം നിയമനം നടത്തേണ്ട തസ്തികകളായ റേഡിയോഗ്രാഫർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ദന്തൽ ഹൈജീനിസ്റ്റ്, ദന്തൽ മെക്കാനിക്, റഫ്രിജറേഷൻ മെക്കാനിക്ക് എന്നിവ നികത്തുന്നതിനും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രി

35 (2309) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചുവെന്ന് അറിയിക്കുമോ; കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ പ്രസ്തുത പുതിയ തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly